# കേരളസർവകലാശാല

നം.പി.ആർ.228/2020

## പത്രക്കുറിപ്പ്

### ടൈംടേബിൾ

കേരളസർവകലാശാല നവംബർ, ഡിസംബർ, ജനുവരി മാസങ്ങളിൽ നടത്തുന്ന നാല്, ആറ്, എട്ട് സെമസ്റ്റർ ബി.കോം. ഹിയറിംഗ് ഇംപയേർഡ് പരീക്ഷകളുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

നവംബർ 30 മുതൽ ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ എം.എഡ്. (ദ്വിവത്സരം – 2018 സ്കീം റെഗുലർ ആന്റ് സപ്ലിമെന്ററി, 2015 സ്കീം സപ്ലിമെന്ററി) പരീക്ഷകളുടെ പുതുക്കിയ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

### സൂക്ഷ്മപരിശോധന

2019 മേയിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബി.എ.സി.ബി.സി.എസ്. പരീക്ഷയുടെയും 2019 ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ ബി.എ. സി.ബി.സി.എസ്. പരീക്ഷയുടെയും സൂക്ഷ്മപരിശോനയ്ക്ക് ഹാജരാകാത്ത വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച ഐ.ഡി. കാർഡും ഹാൾടിക്കറ്റുമായി നവംബർ 25 ന് മുൻപ് ബി.എ.റീവാല്യുവേഷൻ (ഇ.ജെ.V) സെക്ഷനിൽ ഹാജരാകേണ്ടതാണ്.

2019 നവംബറിൽ നടത്തിയ നാലാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് എൽ.എൽ.ബി. പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിച്ച വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച ഐ.ഡി. കാർഡും ഹാൾടിക്കറ്റുമായി റീവാല്യുവേഷൻ സെക്ഷനിൽ (ഇ.ജെ.X) നവംബർ 23 മുതൽ 25 വരെ ഹാജരാകേണ്ടതാണ്.

### സീറ്റ് ഒഴിവ്

കേരളസർവകലാശാലയുടെ കാര്യവട്ടം ക്യാമ്പസിലെ ബയോടെക്നോളജി പഠനവകുപ്പിൽ ഒന്നാംവർഷ എംഎസ്.സി.ബയോടെക്നോളജി (സി.എസ്.എസ്.) 2020 – 22 പ്രോഗ്രാമിൽ എസ്.ടി.വിഭാഗത്തിൽ ഒരു സീറ്റ് ഒഴിവുണ്ട്. അർഹരായിട്ടുള്ളവർ അസൽ രേഖകളുമായി നവംബർ 23 ന് രാവിലെ 11 മണിക്ക് പഠനവകുപ്പ് മേധാവി മുമ്പാകെ ഹാജരാകേണ്ടതാണ്. വിശദവിവരങ്ങൾക്ക് 0471 – 2308778, 8921031690 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

പബ്ലിക് റിലേഷൻസ് ഓഫീസർ

തിരുവനന്തപുരം

19.11.2020

e-mail: ku.release@gmail.comwebsite: www.keralauniversity.ac.in University information is available on
9188526671, 9188526675 , 9188526670, 9188526674